(ഡി) എല്ലാ താല്ക്കാലിക കച്ചവടക്കാരിൽ നിന്നും നികുതി ഈടാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) വില്പന നികുതി നിയമത്തിലെ വ്യവസ്ഥ പ്രകാരം വാർഷിക വിറ്റുവരവ് ഒരു ലക്ഷം രൂപയിൽ താഴെയല്ലാത്ത എല്ലാ വ്യാപാരികളും രജിസ്റ്റർ ചെയ്യേണ്ടതാണ്. താല്ക്കാലിക കച്ചവടക്കാർ വിറ്റുവരവ് പരിധി നോക്കാതെ തന്നെ രജിസ്റ്റർ ചെയ്യുന്നതിന് ബാദ്ധ്യസ്ഥരാണ്.

(സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) വിവരം ശേഖരിച്ചു വരുന്നു.

പാലക്കാട് ജില്ലയിലെ കൊപ്പത്ത് സബ് ട്രഷറി സംബന്ധിച്ച്

28 [1035] ശ്രീ. സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് ജില്ലയിലെ കൊപ്പത്ത് ഒരു സബ് ട്രഷറി ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

പരിശോധിക്കാവുന്നതാണ്.

ലോട്ടറി വ്യവസായം നേരിടുന്ന പ്രതിസന്ധി

29 [1036] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലോട്ടറി വ്യവസായം നേരിടുന്ന പ്രതിസന്ധി പരിഹരിക്കുവാൻ ഗവൺമെന്റ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഓൺലൈൻ ലോട്ടറി മൂലവും മറ്റു സംസ്ഥാന ലോട്ടറികൾ മൂലവും സംസ്ഥാനത്തിന് ലഭിക്കേണ്ട എത്ര കോടി രൂപയാണ് വർഷംതോറും നഷ്ടം വരുന്നത് എന്ന് വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly